കാർഷികാദായനികുതി സംബന്ധിച്ചു നിവേദനം

*൧൭൪. (൯൭) ശ്രീ. വി കെ. വർഗീസ്: താഴെ കാണുന്ന ചോദ്യത്തിന്മേൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കാർഷികാദായനികുതി നിറുത്തൽ ചെയ്യണമെന്നു് ഇവിടത്തെ ചില സംഘടനകൾ സെൻട്രൽ ഗവണ്മെന്റിൽ നിവേദനം നടത്തിയതായി അറിയാമോ;

(ബി) ഇതുസംബന്ധിച്ചു് ഈ ഗവണ്മെന്റു് എന്തെങ്കിലും ആലോചനകൾ നടത്തിയിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) അറിഞ്ഞുകൂടാ.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി. കെ. വർഗീസ്: കാർഷികാദായനികുതി നിറുത്തൽ ചെയ്യുന്ന കാര്യം ഈ ഗവണ്മെന്റിന്റെ ആലോചനയിലുണ്ടോ?

ശ്രീ. എ. ജെ. ജോൺ: നിറുത്തൽ ചെയ്യണമെന്നു് ഇപ്പോൾ ഗവണ്മെന്റു് ഉദ്ദേശിച്ചിട്ടുണ്ടെന്നില്ല.

ശ്രീ. വി. കെ. വർഗീസ്: സെൻട്രൽ ഗവണ്മെന്റിൽനിന്നും എന്തെങ്കിലും നിർദ്ദേശം നമുക്കിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല.

ശ്രീ. കെ. എ. മാത്യു: സെൻട്രൽ ഗവണ്മെന്റിനു് കാർഷികാദായ നികുതി നിറുത്താനുള്ള അധികാരമില്ലേ?

ശ്രീ. എ. ജെ. ജോൺ: കാർഷികാദായ നികുതി നിറുത്തണമെന്നു് പറയാനുള്ള അധികാരമില്ല. ഇതു സ്റ്റേറ്റ്‌ലിസ്റ്റിൽ പെട്ട ഒരു വിഷയം ആണു്.

നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസം

*൧൭൫. (൫൨) ശ്രീ. പി. കെ. കുഞ്ഞൻതാസ്സി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) നിർബ്ബന്ധിതപ്രാഥമികവിദ്യാഭ്യാസനിയമം ഇന്നു നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എതെല്ലാം താലൂക്കുകളിൽ എത്ര കാലത്തേക്കായി നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസം നടന്നുവരുന്നു;

(സി) നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസനിയമം നടപ്പിലാക്കിയ പ്രദേശങ്ങളിൽ അതിലെ നിയമങ്ങൾ ലംഘിച്ചതായി എങ്ങുടെയെങ്കിലും പേരിൽ പ്രോസിക്യൂഷൻ നടപടി നടത്തിയിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്.

(ബി) തോവാള, അഗസ്തീശ്വരം എന്നീ താലൂക്കുകളിലും തിരുവനന്തപുരം സിറ്റിയിലും ക്ലാസ്സ് ൧–ൽ ൫ സ്റ്റേറ്റ് വർക്ഷം മുതലും കൽക്കുളം, വിളവംകോടു്, കുന്നത്തൂർ, തിരുവനന്തപുരം, പറവൂർ എന്നീ താലൂക്കുകളിൽ ക്ലാസ്സ് ൬–ൽ ൪ സ്റ്റേറ്റ് വർക്ഷം മുതലും നെടുമങ്ങാടു്, പത്തനാപുരം എന്നീ താലൂക്കുകളിൽ ക്ലാസ്സ് ൬–ൽ ൩ സ്റ്റേറ്റ് വർക്ഷം മുതലും നടന്നുവരുന്നു.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എം. വർഗ്ഗീസ്: നിർബ്ബന്ധിത പ്രാഥമിക വിദ്യാഭ്യാസത്തിന് ഈ പറഞ്ഞ സ്ഥലങ്ങളിലെ കുട്ടികളെ എല്ലാം പള്ളിക്കൂടത്തിൽ പോകുന്നു എന്നാണ് സി യുടെ ഉത്തരത്തിൽനിന്നും മനസ്സിലാക്കുന്നത്. അതു ശരിയാണോ, സ്കൂളിൽ പോകാത്ത കുട്ടികളില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ സ്കൂളിൽ പോകാത്ത കുട്ടികൾ ഇല്ലെന്നാണ് ധാരണ.

ശ്രീ. ജോസഫ്: വിദ്യാഭ്യാസത്തിനുവേണ്ടി തിരുവിതാംകൂറിൽനിന്നും ചില വാക്കന്ന ഇകയുടെ മൊശം ഇൻഡ്യാഗവർമ്മെന്റിൽനിന്നും സബ്സിഡിയായിട്ടു തരുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസപദ്ധതി

*൧൭൭. (൩൯) ശ്രീ. പി. കെ. കുഞ്ഞൻതരകൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പ് മന്ത്രി ദയവു മറുപടി നൽകുമോ.—

(എ) നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസം നടപ്പിലാക്കിയിട്ടുള്ള പ്രദേശങ്ങളിൽ, എല്ലാവരും നിയമം പാലിക്കുന്നുണ്ടോ എന്നു പരിശോധിക്കുവാൻ വല്ല ഉദ്യോഗസ്ഥന്മാരെയും നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവരുടെ ഉദ്യോഗപ്പേരു പറയാമോ;

(സി) ഈ ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) പ്രൈമറി സ്റ്റേജ് മിഡിൽ സ്റ്റേജ് ഇൻസ്പെക്ടർ എന്നും സബ് ഇൻസ്പെക്ടർ എന്നും.

(സി) ഉണ്ട്.

Sri. P. S. Nataraja Pillai: May I ask, is the Attendance committee functioning all these years?

ശ്രീ. ടി. കെ. നാരായണപിള്ള: അറൻമെന്റ് കമ്മിറ്റി ഇപ്പോഴും എല്ലായിടത്തും ഉദ്ദേശിതമായിട്ട് പ്രവർത്തനം നടത്തുന്നുവെന്ന് തോന്നുവാൻ പാടില്ല.

Written Answers

തൊഴിലാളികളുടെ ഉന്നമനത്തിനുള്ള പുതിയനിയമം

*൧൭൮. (൪൯) ശ്രീ. ഫിലിപ്പോസ് തോമാച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലേബർ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു നിലവിലുള്ള തൊഴിലാളികളുടെ ഉന്നമനത്തെ ലാക്കാക്കി എന്തെങ്കിലും പ്രത്യേക നിയമം നിലവിലുണ്ടോ?

(ബി) ഇല്ലെങ്കിൽ ഈ കുറവു പരിഹരിക്കണമെന്നു ഗവർമ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly